# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2201 - 05/02/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കുന്നതിനായി പദ്ധതി

**ചോദ്യം** | **ഉത്തരം**

ശ്രീ. രാജു എബ്രഹാം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതി പ്രകാരം ഏതൊക്കെ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് പ്രയോജനം ലഭിക്കുന്നതെന്ന് വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ഇന്ത്യയ്ക്കകത്തുള്ള, IIT, IIM, IIST, IISC മുതലായ ദേശീയ സ്ഥാപനങ്ങളിലേതുൾപ്പെടെ അംഗീകൃത പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. കൂടാതെ ഇന്റഗ്രേറ്റഡ് കോഴ്സുകൾക്കും (ഗ്രാജ്വേറ്റും പോസ്റ്റ് ഗ്രാജ്വേറ്റും ഉൾപ്പെടെ) പ്രസ്തുത സഹായം ലഭിക്കുന്നതാണ്. എന്നാൽ നഴ്സിംഗ് കോഴ്സുകളിലൊഴികെ മറ്റ കോഴ്സുകളിൽ മാനേജ്മെന്റ്/എൻ.ആർ.ഐ ക്വാട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങൾ എന്നിവയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയില്ല. |
| ബി | സംസ്ഥാനത്തിന് പുറത്ത് ഏതൊക്കെ വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥി കളെയാണ് ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | |
| സി | എസ്.സി/എസ്.ടി വിദ്യാർത്ഥികൾ രാജ്യത്തിന് പുറത്തും സംസ്ഥാനത്തിന് പുറത്തും പഠിക്കുന്നതിനായി എടുത്തിട്ടുള്ള ഇത്തരം വായ്പകളെ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | |
| ഡി | വിദ്യാഭ്യാസ വായ്പാ സഹായ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി സംസ്ഥാനത്ത് ഇതേവരെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; അപേക്ഷ | 30.01.2018 തീയതി വരെ 72067 പേർ ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് (elrs.kerala.gov.in പോർട്ടലിലെ കണക്കുകൾ പ്രകാരം). വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ |

| | | |
|---|---|---|
| | സമർപ്പിക്കുന്നതിനുള്ള തീയതി എന്നു വരെയായിരുന്നു; ഈ കാലഘട്ടത്തിൽ അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്ക് പുതുതായി അപേക്ഷ നൽകാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സമർപ്പിക്കുന്നതിന് അവസാന തീയതിയായി നിശ്ചയിച്ചിരുന്നത് 31.10.2017 ആണ്. വിദ്യാർത്ഥികൾക്ക് പാൻ കാർഡ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.12.2017 വരെയും തുടർന്ന് 31.01.2018 വരെയും നീട്ടിയിട്ടുണ്ട്. |
| ഇ | ഈ പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ നേരിട്ട് ഫണ്ട് ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | ലഭ്യമാക്കുന്നുണ്ട്. നിബന്ധനകൾക്ക് വിധേയമായി, സ്റ്റാന്റേർഡ് അക്കൗണ്ട് വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു നിശ്ചിത അനുപാതത്തിൽ തിരിച്ചടവ് സഹായവും നിഷ്ക്രിയ ആസ്തി വിഭാഗത്തിൽപ്പെട്ടവർക്ക് ലോൺ ക്ലോസ് ചെയ്യുന്നതിന് കുടിശ്ശിക തുകയുടെ ഒരു നിശ്ചിത ഭാഗവും സർക്കാർ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ